"ഭരണഭാഷ- മാതൃഭാഷ"



**കേരള സർക്കാർ**

**സംഗ്രഹം**

വനം വന്യജീവി വകുപ്പ് - ജീവനക്കാര്യം - അച്ചടക്ക നടപടി -ശ്രീ.കെ.കെ.സാബു, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ (റിട്ട) സമർപ്പിച്ച പുന:പരിശോധനാ ഹർജ്ജി -നിരസിച്ച് - ഉത്തരവാകുന്നു.

വനം വന്യജീവി (എ) വകുപ്പ്

സ.ഉ.(സാധാ) നം.281/2022/F&WLD തീയതി,തിരുവനന്തപുരം, 03-07-2022

പരാമർശം:-

1. ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ 08.04.2015-ലെ ബി4/47086/13 നമ്പർ കുറ്റപത്രം /കുറ്റാരോപണപത്രിക.
2. ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ 30.11.2015-ലെ ബി4/47086/13 നമ്പർ കാരണം കാണിക്കൽ നോട്ടീസ്.
3. ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ 10.08.2017 -ലെ ബി4/47086/13 നമ്പർ ഉത്തരവ്.
4. ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ 30.04.2018-ലെ ബി4/47086/13 നമ്പർ നടപടി ഉത്തരവ്.
5. ശ്രീ.കെ.കെ.സാബു, റെയിഞ്ച് ഫോറസ്റ്റ് ഓഫീസറുടെ 21.06.2018-ലെ അപ്പീൽ അപേക്ഷ.
6. ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ 30.08.2018,19.11.2020-തീയതികളിലെ ബി4/47086/13 നമ്പർ കത്ത്.

**ഉത്തരവ്**

മലയാറ്റൂർ ഡിവിഷനിലെ മേക്കപ്പാല ഫോറസ്റ്റ് സ്റ്റേഷനിലെ റിസർവ്വ് വനത്തിൽ നായാട്ടിനായി വന്ന അഞ്ച് പേരെ തോക്കും വെടിക്കോപ്പും ഉൾപ്പെടെ പെരുമ്പാവൂർ ഫ്ലൈയിംഗ് സ്ക്വാഡ് പിടികൂടുകയും മഹസ്സർ തയ്യാറാക്കിയശേഷം കേസിന്റെ പുനരന്വേഷണത്തിനും നടത്തിപ്പിനുമായി കോടനാട് റെയിഞ്ചിന് കൈമാറുകയുമുണ്ടായി. എന്നാൽ പ്രതികളെ ഏറ്റുവാങ്ങിയ മേക്കപ്പാല ഫോറസ്റ്റ് സ്റ്റേഷൻ സ്റ്റാഫ് തുടർനടപടികളിൽ ബോധപൂർവ്വമായ വീഴ്ച വരുത്തി പ്രതികൾക്ക് അനുകൂല സാഹചര്യം സൃഷ്ടിച്ചു എന്ന് വിജിലൻസ് വിഭാഗം റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ ശ്രീ.കെ.കെ.സാബു, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ സർവ്വീസിൽ നിന്ന് സസ്പെന്റ് ചെയ്യുകയും തുടർന്ന് പരാമർ ശം (1) പ്രകാരം ലഘുശിക്ഷയുള്ള കുറ്റപത്രം /കുറ്റാരോപണപത്രികയും നൽകി അച്ചടക്ക നടപടി ആരംഭിക്കുകയും ചെയ്തു. .

ടിയാനെതിരെയുള്ള കുറ്റാരോപണങ്ങൾ തെളിയിക്കപ്പെട്ടതിനെ തുടർന്ന് ശ്രീ.കെ.കെ.സാബുവിന്റെ മൂന്ന് വാർഷിക വേതന വർദ്ധനവ് സഞ്ചിതഫല പ്രാബല്യമില്ലാതെ 3 വർഷത്തേയ്ക്ക് തടയാൻ താൽക്കാലികമായി തീരുമാനിച്ച് പരാമർശം (2) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകി. ടിയാന്റെ വാദങ്ങളിൽ ചിലത് അംഗീകരിക്കാവുന്നതാണെന്ന് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ കാരണം കാണിക്കൽ നോട്ടീസിലെ ശിക്ഷ ഇളവു ചെയ്ത് ഒരു വാർഷിക വേതന വർദ്ധനവ് സഞ്ചിതഫല പ്രാബല്യമില്ലാതെ ഒരു വർഷത്തേയ്ക്ക് തടഞ്ഞ് പരാമർശം (3) പ്രകാരം അന്തിമ ഉത്തരവായിരുന്നു.

തുടർന്ന് ടിയാന്റെ സസ്പെൻഷൻ കാലയളവായ 18.11.2013 മുതൽ 23.02.2014 വരെയുള്ള കാലയളവ് ശമ്പളവും മറ്റ് അനുകൂല്യങ്ങൾക്കുമൊഴികെ ഡ്യൂട്ടിയായി പരിഗണിക്കുന്നതിനും ,ശമ്പളം MOP (16) (30) (b) പ്രകാരം കൈപ്പറ്റിയ ഉപജീവനബത്ത കുറവ് ചെയ്യുന്നതിന് വിദേയമായി അർഹമായ ശമ്പളത്തിന്റെയും അലവൻസുകളുടെയും 80 %ത്തിൽ പരിമിതപ്പെടുത്തുന്നതിനും കൂടാതെ സസ്പെൻഷൻ റദ്ദ് ചെയ്ത് ഉത്തരവു തീയതിക്കും തിരികെ ജോലിയ്ക്കു ചേർന്ന തീയതിക്കുമിടയിലുള്ള കാലയളവ് കേരള സർവ്വീസ് റൂൾസ് ഭാഗം 1 56 B(9) ചട്ടത്തിനു കീഴിലെ 2-ാം കുറിപ്പു പ്രകാരവും പ്രവേശന കാലമായും പ്രവേശന കാലം അധികരിക്കുന്ന പക്ഷം അവധിയായും പരിഗണിക്കുന്നതിന് തീരുമാനിച്ചു കൊണ്ട് പരാമർശം (4) പ്രകാരം ഉത്തരവായിരുന്നു. .ടി ഉത്തരവിനെതിരെയാണ് ശ്രീ.കെ.കെ.സാബു പരാമർശം (5) പ്രകാരം സർക്കാരിൽ അപ്പീൽ അപേക്ഷ സമർപ്പിച്ചിരിക്കുന്നത്

ശ്രീ.കെ.കെ.സാബുവിനെതിരെയുള്ള 2,3,6,8 എന്നീ കുറ്റാരോപണങ്ങൾ പൂർണ്ണമായും 1,4,5,7 എന്നിവ ഭാഗികമായും തെളിഞ്ഞിട്ടുണ്ട്. 12.10.2013-ൽ ഫ്ലൈയിംഗ് സ്ക്വാഡിന് ലഭിച്ച രഹസ്യ വിവരത്തിന്റെ അടിസ്ഥാനത്തിൽ അന്നേദിവസം രാത്രി 11.00-നും 13.10.2013-ൽ രാവിലെ 4.30-നും ഇടയ്ക്കാണ് ഫ്ലൈയിംഗ് സ്ക്വാഡ് ജീവനക്കാർ ടി കേസിലെ 5 പ്രതികളെ പിടികൂടിയത്. 13.10.2013 രാവിലെ 4.30-നും 6 മണിക്കും ഇടയ്ക്കുള്ള സമയത്ത് മഹസ്സർ തയ്യാറാക്കുകയും ചെയ്തിരുന്നു. എന്നാൽ ടി കേസിലെ പ്രതികളെയും തൊണ്ടി സാധനങ്ങളെയും മേക്കപ്പാല ഫോറസ്റ്റ് സ്റ്റേഷനിലേയ്ക്ക് കൈമാറിയത് അന്നേദിവസം വൈകുന്നേരം പ്രതികളുടെ വൈദ്യപരിശോധനക്ക് ശേഷം 4.20-നാണ്. എന്നാൽ മഹസ്സർ തയ്യാറാക്കിയത് പുലർച്ചെ 4.00 മണിക്കും 6.00 മണിക്കും ഇടയ്ക്കായിരുന്നുവെന്നും കൂടാതെ മഹസ്സറിൽ പ്രതികളെ അറസ്റ്റു ചെയ്ത കൃത്യസ്ഥലം രേഖപ്പെടുത്തിയതിൽ കൃഷിയിടമെന്നും പാണിയേലിപോര് റിസർവ്വ് വനത്തിന്റെ പ്രവേശന കവാടമെന്നും തെറ്റിദ്ധാരണയുണ്ടാക്കുന്ന വിധത്തിൽ വിവരങ്ങൾ രേഖപ്പെടുത്തി. ഇപ്രകാരം മഹസ്സർ തയ്യാറാക്കിയതിൽ സ്റ്റേഷൻ ജീവനക്കാരുടെ ഭാഗത്തുനിന്നും വീഴ്ചയുണ്ടായിട്ടുണ്ട്. ആയത് യഥാസമയം പരിശോധിച്ച് കണ്ടെത്തുന്നതിലും മേൽനോട്ടം വഹിക്കുന്നതിലും റെയിഞ്ചാഫീസറുടെ ഭാഗത്തു നിന്നും ഗൗരവതരമായ വീഴ്ചയുണ്ടായിട്ടുണ്ട്. സ്റ്റേഷൻ ജീവനക്കാർ പ്രതികളെയും കൊണ്ട് കൃത്യം നടന്ന സ്ഥലത്ത് തെളിവെടുപ്പിനായി എത്തിയത് 13.10.2013 വൈകുന്നേരം 5.00 മണിക്ക് ശേഷമായിരുന്നു. ഫ്ലൈയിംഗ് സ്ക്വാഡ് വിഭാഗം കസ്റ്റഡിയിലെടുത്ത് കൈമാറിയ നിറതോക്ക്, ആയുധങ്ങൾ കൈകാര്യം ചെയ്യുന്നതിൽ പരിശീലനം നേടിയ റെയിഞ്ച് ഫോറസ്റ്റാഫീസർ നിറതോക്ക് വെള്ളമൊഴിച്ച് നിർവീര്യമാക്കിയ പ്രവൃത്തി നിയമാനുസൃതമല്ല. എന്നിരുന്നാലും 29.10.2013-ൽ റെയിഞ്ചാഫീസർ കുറുപ്പംപടി പോലീസിന് നൽകിയ റിപ്പോർട്ടിൽ തോക്ക് നിർവ്വീര്യമാക്കിയ രീതി വ്യക്തമാക്കിയിരുന്നു.

നിറതോക്ക് വെള്ളമൊഴിച്ച് നിർവീര്യമാക്കിയ പ്രവൃത്തി മാധ്യമങ്ങളിലൂടെ ചർച്ചചെയ്യുതുവഴി വകുപ്പിന്റെ പ്രതിഛായക്ക് മങ്ങലേൽപ്പിക്കുന്നതിന് ഇടയാക്കിയിട്ടുണ്ട്. കേരള ഫോറസ്റ്റ് കോഡ് വാല്യം I 3.3.1 ഖണ്ഡിക പ്രകാരം വനനിയമങ്ങൾ നടപ്പാക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതും കേസുകളുടെ അന്വേഷണവും പ്രോസികൃഷനും ടെറിട്ടോറിയൽ റെയിഞ്ചാഫീസറുടെ ഉത്തരവാദിത്തമാണ്. കൂടാതെ ഫോറസ്റ്റ് സ്റ്റേഷൻ പ്രവർത്തനത്തിന് സർക്കാർ ജി.ഒ. (എം.എസ്.) 77/88/വനം തീയതി 15.09.1988 ആയി അംഗീകരിച്ച മാനദണ്ഡങ്ങളിലെ 23-ാം നിർദ്ദേശ പ്രകാരം വന്യജീവി (സംരക്ഷണ) നിയമത്തിന്റെ പരിധിയിൽ വരുന്ന കുറ്റകൃത്യങ്ങളുടെ അന്വേഷണവും തുടർനടപടികളും ടെറിട്ടോറിയൽ റെയിഞ്ചാഫീസറുടെ ചുമതലയാണ്. വന്യജീവി കേസിന്റെ അന്വേഷണാധികാരി റെയിഞ്ചാഫീസർ ആയിരിക്കെ മേൽ വിഷയത്തിന്റെ ഗൗരവം കണക്കിലെടുക്കാതെ ഫ്ലൈയിംഗ് സ്ക്വാഡിൽ നിന്ന് വിവരം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ റെയിഞ്ചാഫീസർ ആയിരുന്ന ശ്രീ.കെ.കെ.സാബു നേരിട്ട് പെരുമ്പാവൂർ ഫ്ലൈയിംഗ് സ്ക്വാഡ് ഓഫീസിൽ ചെന്ന് പ്രതികളെയും തൊണ്ടി മുതലും ഏറ്റുവാങ്ങുന്നതിന് തയ്യാറാകാതെ സ്റ്റേഷൻ സ്റ്റാഫുകളെ ചുമതലപ്പെടുത്തുക വഴി റെയിഞ്ചാഫീസർ എന്ന നിലയിൽ കൃത്യനിർവ്വഹണത്തിൽ വീഴ്ച വരുത്തിയിട്ടുണ്ട്. യഥാസമയം പ്രതികളെയും തൊണ്ടിമുതലും ഏറ്റെടുക്കുന്നതിൽ ടെറിട്ടോറിയൽ റെയിഞ്ച് സ്റ്റാഫുകളുടെ ഭാഗത്തുനിന്നുണ്ടായ കാലതാമസവും 6-ാം പ്രതി രക്ഷപെടുന്നതിന് കൂടുതൽ സഹായകമായി. സ്റ്റേഷൻ സ്റ്റാഫുകൾ തയ്യാറാക്കിയ മഹസ്സറിൽ മനഃപൂർവ്വമല്ലായിരിക്കാമെങ്കിൽ പോലും പ്രതികൾക്ക് രക്ഷപ്പെടുന്നതിലേയ്ക്കായി കുറച്ച് പഴുതുകൾ ഉണ്ടായിരുന്നു. ടി മഹസ്സർ പുന:പരിശോധിക്കുന്നതിൽ റെയിഞ്ചാഫീസറുടേയും സീനിയർ സെക്ഷൻ ഫോറസ്റ്റാഫീസർമാരുടെയും ഭാഗത്തു നിന്ന് വീഴ്ച പറ്റിയിട്ടുണ്ട്. ടി കേസിൽ ശരിയായവിധത്തിൽ അന്വേഷണം നടത്തുന്നതിൽ കോടനാട് റെയിഞ്ച് ജീവനക്കാരുടെ ഭാഗത്തു നിന്ന് വീഴ്ചകൾ സംഭവിച്ചതായി തെളിഞ്ഞിട്ടുണ്ടെന്നും പരാമർ ശം ( 6 ) പ്രകാരം ഭരണ വിഭാഗം ഉപമുഖ്യ വനപാലകൻ അഭിപ്രായപ്പെട്ടിട്ടുണ്ട്.

മേൽ വിവരിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശമായി പരിശോധിച്ചു.വന നിയമങ്ങൾ നടപ്പാക്കുന്നുവെന്ന് ഉറപ്പ വരുത്തുന്നതും കേസുകളുടെ അന്വേഷണവും, പ്രോസികൃഷനും, വന്യജീവി സംരക്ഷണ നിയമത്തിന്റെ പരിധിയിൽ വരുന്ന കുറ്റകൃത്യങ്ങളുടെ അന്വേഷണവും തുടർ നടപടികളും റെയിഞ്ച് ഓഫീസറുടെ ചുമതലയാണ്. മേൽ കേസിന്റെ ഗൗരവം കണക്കിലെടുക്കാതെ നിരുത്തരവാദപരമായി ശ്രീ.സാബു പെരുമാറിയെന്നും കൃത്യനിർവ്വഹണത്തിൽ വീഴ്ചവരുത്തിയതായും വ്യക്തമായിട്ടുണ്ട്. മാത്രമല്ല ടിയാൻ ചെയ്ത കുറ്റത്തിന് ആനുപാതികമായ ശിക്ഷയാണ് നൽകിയിരുന്നതും.ഈ സാഹചര്യത്തിൽ പരാമർശം (4)-ലെ ഉത്തരവ് പുനഃപരിശോധിക്കേണ്ട യാതൊരു വസ്തുതകളും നിലവിലില്ലാത്തതിനാൽ ശ്രീ.കെ.കെ.സാബു, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ (റിട്ട) സമർപ്പിച്ച പുന:പരിശോധനാ ഹർജ്ജി നിരസിച്ച് ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
RAJESH KUMAR SINHA
പ്രിൻസിപ്പൽ സെക്രട്ടറി

സ.ഉ.(സാധാ) നം.281/2022/F&WLD

ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്

ശ്രീ.കെ.കെ.സാബു,റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ (റിട്ട)

(ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ്
കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം.
പൊതുജന വിവര സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by Shaji A M
Date: 05-07-2022 10:18:28
സെക്ഷൻ ഓഫീസർ